# പതിനാലാം കേരള നിയമസഭ
# പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4690  14.11.2019 ൽ മറുപടിക്ക്**

**ബി.എം.& ബി.സി റോഡ് നിർമ്മാണം**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. മുല്ലക്കര രത്നാകരൻ | | ശ്രീ. ജി.സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ബി.എം.& ബി.സി പ്രകാരമുള്ള എത്ര കിലോമീറ്റർ റോഡിനു ഭരണാനുമതി നല്കിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;<br><br>ബി) ഇതിനായി എത്ര തുക അനുവദിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ? | എ) & ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നിരത്തു വിഭാഗത്തിനു കീഴിൽ ബി.എം & ബി.സി പ്രകാരമുള്ള 6738 കി.മീ റോഡ് നിർമ്മാണത്തിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിനായി ആകെ 9221.24 കോടി രൂപ (പദ്ധതിവിഹിതം, നബാർഡ്, കിഫ്ബി ഉൾപ്പെടെ) അനുവദിച്ചിട്ടുണ്ട്.<br><br>ദേശീയപാതകളുടെ നിർമ്മാണവും പരിപാലനവും ദേശീയ നിലവാരം പുലർത്തുന്നതിലേക്കായി ഇൻഡ്യൻ റോഡ് കോൺഗ്രസ്സിന്റെ വിവിധ കോഡുകളും കേന്ദ്ര റോഡ് ഗതാഗത മന്ത്രാലയത്തിന്റെ സ്പെസിഫിക്കേഷനും അനുസരിച്ചാണ് നടപ്പിലാക്കുന്നത്. ടാറിംഗിലെ നൂതന സാങ്കേതിക വിദ്യകളായ ബിറ്റുമിനസ് മെക്കാഡം, ഡെൻസ് ബിറ്റുമിനസ് മെക്കാഡം, ബിറ്റുമിനസ് കോൺക്രീറ്റ് എന്നിവ കേരളത്തിന്റെ കാലാവസ്ഥയ്ക്ക് അനുയോജ്യമായ റബ്ബറൈസ്ഡ് ബിറ്റുമിൻ ഉപയോഗിച്ചാണ് നാഷണൽ ഹൈവേകളിൽ റോഡ് നിർമ്മാണം നടത്തുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പൊതുമരാമത്ത് വകുപ്പ് ദേശീയപാതാ വിഭാഗത്തിന്റെ പരിധിയിൽ ബി.എം & ബി.സി പ്രകാരമുള്ള 1320.89 കി.മീറ്റർ റോഡിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിനായി 1717.31 കോടി രൂപ അനുവദിച്ചിട്ടുണ്ട്.<br><br>കെ.ആർ.എഫ്.ബിയുടെ കീഴിൽ 02.05.2017-ലെ സർക്കാർ ഉത്തരവ്(ആർ.റ്റി) നം. 528/2017/പൊ.മ.വ പ്രകാരം 46.712 |

കി.മീ ദൈർഘ്യം വരുന്ന 21 റോഡുകൾക്ക് 272.66 കോടി രൂപ മതിപ്പ് ചെലവിൽ ആലപ്പുഴ നഗരപാത വികസന പദ്ധതിയുടെ ഒന്നാം ഘട്ടത്തിന് ഭരണാനുമതി നൽകുകയുണ്ടായി. 03.08.2017-ലെ സർക്കാർ ഉത്തരവ്(ആർ.റ്റി) നം. 1159/2017/പൊ.മ.വ പ്രകാരം 44.065 കി.മീ ദൈർഘ്യം വരുന്ന 11 റോഡുകൾക്ക് 401.467 കോടി രൂപ മതിപ്പ് ചെലവിൽ കണ്ണൂർ നഗരപാത വികസന പദ്ധതിക്ക് ഭരണാനുമതി നൽകുകയുണ്ടായി.

2016-17, 2017-18 ബഡ്ജറ്റിൽ കിഫ്ബിയിൽ ഉൾപ്പെടുത്തി പ്രഖ്യാപിച്ച പദ്ധതികളെല്ലാം ബി.എം & ബി.സി പ്രകാരമാണ് നിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്നത്. ഇവയിൽ കിഫ്ബിയിൽ നിന്ന് അംഗീകാരം ലഭിച്ച പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.

സെക്ഷൻ ഓഫീസർ

അനുബന്ധം

കിഫ്ബി

| പദ്ധതി | കിഫ്ബിയിൽ നിന്ന് അംഗീകാരം ലഭിച്ചവ | | കിഫ്ബിയിൽ നിന്ന് അംഗീകാരം ലഭിച്ച തുക (കോടി) |
|---|---|---|---|
| | എണ്ണം | നീളം (കി.മീ) | |
| 2016-17 ബഡ്ജറ്റിൽ പ്രഖ്യാപിച്ചത് | 126 | 1768.00 | 4655.10 |
| 2017–18 ബഡ്ജറ്റിൽ പ്രഖ്യാപിച്ചത് | 22 | 244.00 | 1024.69 |
| മലയോരഹൈവേ | 18 | 460.60 | 1506.40 |
| തീരദേശ ഹൈവേ | 1 | 15.00 | 52.78 |

സെക്ഷൻ ഓഫീസർ